### കുറ്റ്യാടി നീര പ്ലാന്റ് നാടിന് സമർപ്പിച്ചു

# കേരളത്തിൽ കുറിയ തെങ്ങുകൾക്ക് പ്രചാരം നൽകും -മുഖ്യമന്ത്രി



കോഴിക്കോട് കുറ്റ്യാടി കമ്പനിയുടെ നീര പ്ലാന്റ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി:** കേരളത്തിൽ അഞ്ചു വർഷം കൊണ്ട് കുറിയ ഇനത്തിൽപ്പെട്ട 50 ലക്ഷം പുതിയ തെങ്ങുകൾ നട്ടുവളർത്താൻ സർക്കാർ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. 'നീര ടെക്നീഷ്യൻ' പരിശീലനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ 'നീര പ്ലാന്റി'ന്റെ ഉദ്ഘാടനം മരുതോങ്കര പഞ്ചായത്തിലെ മുണ്ടവയലിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ കാർഷിക മേഖലയിൽ നിന്നുള്ള വിജയകഥയാണ് കുറ്റ്യാടി കമ്പനിയുടേത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ കുറ്റ്യാടി കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് നൽകുമെന്ന്, കമ്പനിയുടെ വെളിച്ചെണ്ണ പ്ലാന്റിന് ശിലാസ്ഥാപനം നിർവഹിച്ച് മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി. അറിയിച്ചു. ചടങ്ങിൽ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി ചെയർമാൻ ബാബു മത്തത്ത് അധ്യക്ഷത വഹിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി. കമ്പനി നിർമിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനം കെ.എഫ്.സി. ചീഫ് മാനേജിങ് ഡയറക്ടർ ജോയി ഉമ്മൻ നിർവഹിച്ചു.